# ഒരു യാത്ര

ആശുപത്രി വരാന്തയുടെ അരികിൽ കൈയൊടിഞ്ഞുപോയ ഒരു കസേരയിൽ ചാരിയിരിക്കുകയായിരുന്നു ദേവകി. കല്പടവുകളിലും മുറ്റത്തും നിറയെ ആൾക്കാർ. അവരുടെയൊക്കെ തിരക്കിലൂടെ ദേവകി മുന്നിലെ നിറഞ്ഞു ചുവന്ന മണ്ണിലേക്ക് നോക്കി. പിന്നെഅതിനടിയിലേക്ക്. ഇനിയും സ്വന്തമാവാനിരിക്കുന്ന അതിന്റെ ആഴത്തിലേക്ക്.

വെള്ളത്തിനടിയിൽനിന്നും ശ്വാസംമുട്ടി പൊങ്ങുന്നതുപോലെയാണ് ദേവകി കസേലയിൽ നിവർന്നിരുന്നത്. അടിവയറിലൂടെ എന്തെന്നില്ലാത്ത വേദന ഇടിവാൾപോലെ മിന്നി. മുരുകൾ കടലാസ്സുകൾ മേടിക്കാൻ പോയിട്ട് നേരം കുറെയായി. വേദന സഹിക്കാതെ കിടക്കപ്പായയിൽ താൻ ഉരുളുമ്പോൾ മുരുകൻ മലർന്നുകിടന്നു പറയാറ്, ഗർഭമായാൽ അങ്ങനെയൊക്കെ ഇത്തിരി വേദനിക്കും എന്നാണ്. 'നിയ്യ് മാത്രേ പെറ്റിട്ടുള്ളു?' മുരുകൻ ചോദിക്കും.

ക്ഷീണം ഒരു വലപോലെ മുട്ടുന്നത് ദേവകി അറിഞ്ഞു ഇനി രണ്ടുനാഴിക നടക്കണം. വരുമ്പോൾ പലയിടത്തും ഇരിക്കേണ്ടിവന്നു. മുരുകന്റെ മുഖംചുവക്കുന്നതു കണ്ടിട്ടും താൻ വഴിവക്കിൽഇരിക്കുകതന്നെ ചെയ്തു.

മുന്നിലെ തണുത്ത മണ്ണിൽ വളർന്നുനിന്ന പുല്ലുകളെ ചവിട്ടിയരച്ചു കൊണ്ട് കുട്ടികൾ തലങ്ങും വിലങ്ങും ഓടി. വലിയവരുടെ ചെരിപ്പിനടിയിൽപ്പെട്ട പുല്ലുകൾ വളരുകയും പുളയുകയും ചെയ്തു. ദേവകി വെറുതെ നോക്കിക്കൊണ്ടുരുന്നു. പെട്ടെന്ന് ഈ മണ്ണും പുല്ലും വെളിച്ചവും ഒക്കെ തനിക്ക് പ്രധാനമാകുന്നതാണത്ഭുതം. ഈ പുല്ലുകൾക്ക് മുകളിലൂടെ നടന്നാണ് താൻ ഈ വരാന്തയിൽക്കയറിത്. ഈ വെളിച്ചത്തിലൂടെ നടന്നും. മുരുകൻ അകലെനിന്നു വരുന്നത് ദേവകി കണ്ടു. കടലാസ്സുകൾ കിട്ടിയിട്ടുണ്ടാവണം. അയൽവക്കത്തെ ജാനകിയെട്ടത്തി വഴക്ക് പറഞ്ഞപ്പോൾ ആശുപത്രിയിലേക്ക് തന്റെകൂടെ പുറപ്പെട്ടതാണ്. ദിവസം മുഴുവനുമുള്ള ഇന്നത്തെ തിരിച്ചിൽകൂടെ ആയാൽ ഇനി ഒരിക്കലും ആശുപത്രിയിലേക്ക് തന്റെകൂടെ പുറപ്പെടുകയുണ്ടായില്ല. ദേവകി പെട്ടെന്ന് തന്നത്താൻ ചിരിച്ചു. ഇനി അതിന്റെ ആവശ്യമുണ്ടാവുകയില്ലെന്ന് മുരുകനോട് പറയണം. ചിലപ്പോൾ മുരുകന് സന്തോഷം തോന്നിയേക്കുംചരൽക്കല്ലുകളിൽ ഊക്കോടെവീണ്തൊലിമുറിയുമ്പോൾഉണ്ടാകുന്നനീറ്റൽപോലെഎന്തോ ഒന്നാണ് അതാലോചിക്കുമ്പോൾ മനസ്സിൽ നിറയുക. കല്യാണം കഴിഞ്ഞ് കൊല്ലം പന്ത്രണ്ടു തികയുന്നു. വിശക്കുന്നു എന്നുപോലും പറയാനുള്ള പേടിയാണ് ബാക്കി. മുരുകൻ അടുത്തെത്താറായപ്പോൾ ദേവകി പതുക്കെ എഴുന്നേറ്റു. 'കടലാസ്സൊക്കെ കിട്ടിയോ?' ദേവകി ചോദിച്ചു. ഒന്നും മിണ്ടാതെ, കടലാസ്സുകെട്ടിന്റെ അറ്റം മുറുക്കിപ്പിടിച്ച് കൈയിലുണ്ടായിരുന്ന ചെറിയ സ്റ്റീൽപാത്രത്തിലെ ചായ ദേവകിക്കുനേരെ നീട്ടുകയാണ് മുരുകൻ ചെയ്തത്.

'ഒന്നും വേണംന്ന് തോന്നണില്ല.' വയർ ഒരു ക്ഷമാപണംപോലെ അമർത്തിപ്പിടിച്ച് ദേവകി പറഞ്ഞു: 'കുടിച്ചോളൂ.'

മുരുകൻ ദേവകിയുടെ മുഖത്തു നോക്കാതെ,കടലാസ്സുകകെട്ടുകൾതാഴത്തുവെച്ച്ചായപാത്രത്തിന്റെ അടപ്പിലേക്ക്പകർന്നു.

'അധികംല്ല്യാ. കുടിച്ചോ. രാവിലെതുടങ്ങീതല്ലേവെറുംവയറ്റിലുള്ള ഈഇരിപ്പ്.'

അത്ഭുതത്തോടെയാണ് ദേവകി തലയുയർത്തിയത്. ദേവകിയുടെ കണ്ണുകൾ തന്റേതുമായി കൂട്ടിമുട്ടുന്നതിന് മുമ്പേമുരുകൻചായ ദേവകിക്കരികിലുള്ളസ്റ്റൂളിൽവെച്ചുപുറകോട്ട്തിരിഞ്ഞു.

'പതുക്കെകുടിച്ചാമതി.' മുരുകൻപറഞ്ഞു.'ഞാനിപ്പൊവരാം.'

ചൂടുള്ള ചായ കുടിച്ചുതീർക്കാൻ വൈകുമ്പോൾ അത് തന്റെ കൈയിൽനിന്നും മേടിച്ച് തൂത്തുകളയാറുള്ള മുരുകനാണ്പറയുന്നത്! ദേവകിഅവിശ്വസനീയതയോടെയാണ് മുരുകനെ നോക്കിയത്.

'ആറ്റിക്കുറുക്കി നിക്കുന്നു! എനിക്ക് വേറെ പണീണ്ട്' എന്നാണ് മുരുകൻ സാധാരണഅപ്പോഴൊക്കെ പറയാറ്.

ദേവകി പൊടുന്നനെചായകൈയിലെടുത്തു.

'ഇപ്പൊ വരാം' എന്നു പറഞ്ഞതല്ലാതെ മുരുകൻ ഇരുന്നിടത്തു നിന്നും എഴുന്നേറ്റിരുന്നില്ല. കടലാസ്സുകെട്ട് വീണ്ടുംവീണ്ടും ചുരുട്ടിയും മടക്കിയും ഇരുന്ന് അയാൾ. കണ്ണുകൾ കാൽച്ചുവട്ടിലെ നിലത്തുതന്നെയാണ്.

'പുവ്വാറായിച്ചാൽ നന്നായിരുന്നു.' ദേവകി ശബ്ദമുയർത്താതെയാണ് പറഞ്ഞത്. 'ഇരിക്കാൻ വയ്യാ തോന്നുണൂ.' ഇരുന്നിടത്തുനിന്ന് നോക്കുമ്പോൾ നിലത്തമർത്തിവെച്ച ദേവകിയുടെ വരണ്ട കാലുകളിലെ വിള്ളലുകളാണ് ആദ്യം കണ്ണിൽപ്പെടുക. അതിനു മുകളിൽ മുണ്ടിന്റെ കീറിയ നീലക്കര. വീർത്തവയറിനുമുകളിൽ മുഷിഞ്ഞ വേഷ്ടി.കൺതടങ്ങൾനിറയെകറുപ്പ്.

മുരുകൻ പെട്ടെന്ന് ചായപ്പാത്രം അവളുടെ കൈയിൽനിന്നു വാങ്ങി. അപ്രസന്നമായഎന്തൊക്കെയോ

തട്ടിക്കളയുന്നതുമാതിരി പൊറുതി കേടോടെയാണ് മുരുകൻഎഴുന്നേറ്റത്.

'രാവിലെ ഈ വിള്ളലുകൾ വെച്ചുനടന്നപ്പോൾ ദേവകിക്ക് വല്ലാതെ വേദനിച്ചിരുക്കും'. അയാൾ ഓർത്തുതാൻപക്ഷെ,മുമ്പിൽനടക്കുകയായിരുന്നു.

'ഇപ്പോവരാം ഞാൻ.' കല്പടവുകൾ ഇറങ്ങുന്നിടത്തുനിന്ന് തിരിഞ്ഞ് അവളെത്തന്നെ നോക്കി മുരുകൻ പറഞ്ഞു: 'ഇവിടെത്തന്നെഇരുന്നാമതി.'

മുരുകന്റെ ശബ്ദത്തിലെ അലിവ് അവളെ തൊട്ടു എന്നുതോന്നി ദേവകിക്ക്. പൊള്ളുന്നപോലെയാണ് ആദ്യം തോന്നിയത്.പിന്നെഎന്തെന്നില്ലാത്തപരിഭ്രമവും മുരുകന്ശുണ്ഠിവന്നിരിക്കും.

മുരുകൻെറ ശബ്ദം ഇത്രയധികം താഴുന്നത് ആദ്യമായാണ്. ഏറെ നേരമായുള്ള ഇരിപ്പിൽ മുതുക് വല്ലാതെ വേദനിക്കാൻ തുടങ്ങിയിരുന്നു.ഇനിരണ്ടുനാഴികയിലധികംനടന്നാലെവീടെത്തൂ.വയറ്റിലാണെങ്കിൽ അനങ്ങുമ്പോൾപ്പോലും മിന്നുന്നവേദന. നിവൃത്തിയില്ലാതെയാണ് താൻ...എങ്ങോട്ടാണു പോയതെന്നറിയില്ല. വരാൻ വൈകിയാൽ.. റിക്ഷയിൽ നിന്നുംഇറങ്ങുന്ന മുരുകനെകണ്ടപ്പോൾ ദേവകിയുടെവയറൊന്നാളി. ഇനി വീടുവരെശകാരമാവും. റിക്ഷയ്ക്കുള്ളചെലവ്താങ്ങാനാവാത്തതാണ്. മരുന്നിന്കാശ് വേറെവേണം.

അടിവയറിലൂടെപാളുന്നവേദനയുടെനാമ്പുകൾ. ദേവകികണ്ണുകൾഇറുക്കിഅടച്ചു.

'മൂന്നാലാളെ വിളിച്ചു.' ഒരു ക്ഷമാപണംപോലെയാണ് മുരുകൻ പറഞ്ഞത്. ഒന്നേങ്കിലും വരാൻ കൂട്ടാക്കണ്ടെ. കട്ടേം കല്ലൂള്ള വഴ്യാണത്രെ. കട്ടേംകല്ലുള്ള വഴീലുള്ളോർക്ക് ജീവിക്കണ്ടേരിക്കും. അതേ വൈകീത്...'

'ഞാൻ നടന്നോളായിരുന്നു' തന്നെ കൈപിടിച്ചെഴുന്നേല്പിക്കുന്ന ഭർത്താവിന്റെ മുഖത്തുനോക്കാൻ ധൈര്യമില്ലാതെ ദേവകി കുറ്റബോധത്തോടെ പറഞ്ഞു: 'ഇനി ഇപ്പോ കാശ് വെറുതെ...' ഇറങ്ങുകയായിരുന്ന കല്പടവിൽ മുരുകൻ പെട്ടെന്നുനിന്നു. 'ഉം'അയാൾ മൂളി 'കാശൊക്കെ വരും പൂവും. വഴുക്കലുണ്ട് ചുവട്ടില്. മുറുക്കെപ്പിടിക്ക്.'

ഇറുകീയടച്ച കണ്ണുകൾ ദേവകി പെട്ടെന്നാണ് തുറന്നത്. മുകളിൽ ആകാശത്തിൽ നിറയെ വെളിച്ചമാണ്. വിള്ളലുകളിൽ തട്ടുന്ന മണ്ണിന് സാന്ത്വനംപോലെ തണുപ്പ്. ഇവയ്ക്കു രണ്ടിനുമടിയിൽ പച്ചച്ച് നേർത്ത് നീണ്ടമുക്കുറ്റികളിൽ നിറയെ പൂക്കൾ. ദേവകി അവയെ ചവിട്ടാതെ പതുക്കെയാണ് നടന്നത്. ഒന്നിനേയുംആവുന്നത്രവേദനപ്പിക്കാതെ.ആവുന്നത്ര. ദേവകിസ്വയംപറഞ്ഞുനോക്കി. മുരുകന്റെ കൈയിൽ തൂങ്ങിയുള്ള തന്റെ നടപ്പിൽ അവൾക്കുപോലും വിശ്വാസം വന്നില്ല. ഇങ്ങോട്ട് വരമ്പോൾ പതിവുപോലെ മുരുകൻ മുമ്പിൽ അകലെയാണ് നടന്നത്. താൻ ഈ മുക്കുറ്റിപ്പൂക്കളെകണ്ടതു പോലുമില്ലതാനും. മുരുകന്റെ വലത്തെ കൈയിലെ അരമ്പാറപോലും പുത്തനായി തോന്നുന്നു. രാവിലെ ഇങ്ങോട്ടുപോരുമ്പോൾ ഈ മണ്ണിനേയുംതാൻകണ്ടിരുന്നില്ല.

'നോക്കിക്കേറു' മുരുകൻ റിക്ഷയുടെ ഉള്ളിലേക്ക് തന്നെ കയറ്റി ഇരുത്ത. പിന്നെ അയാൾ ദേവകിയുടെ ചാരെഅവളെതാങ്ങാൻ പാകത്തിൽഇരുന്നു. റിക്ഷയുടെ കുലുക്കത്തിൽനിന്നു രക്ഷപ്പെടാൻ ദേവകി വയർ അമർത്തിപ്പിടിച്ചു.

'കുട്ട്യല്ല അപ്പൊന്റ് വയറ്റില്.' വളരെനേരത്തെ നിശ്ശബ്ദതയ്ക്കു ശേഷം ഉന്തിനിന്ന തന്റെ വയറിൽ തലോടി ദേവകിതന്നോടെന്നപോലെപറഞ്ഞു:'സാരല്യ.നീംഉണ്ടാവാലൊ ഒരുകുട്ടി.'

'ഉം' ദേവകിയുടെ കൈ മടിയിലേക്കെടുത്തുവെച്ച് മുരുകൻ മൂളി. നീണ്ടമുറിയുടെഅകത്തേക്ക് വിളിച്ച് ചുവന്ന മുഖവുമായിനിന്ന ഡോക്ടർപറഞ്ഞതാണ്അയാൾക്ക്പെട്ടെന്നോർമ്മവന്നത്.

'ഇത്രയുംകാലം താൻ എവിടായിരുന്ന ഹേ?' ഡോക്ടർ കൈയിലെ ഗ്ലൗസ് അഴിച്ചുകൊണ്ട് ചീറി. 'കെട്ടിയെടുക്കാൻ ഇപ്പോഴെ തരായുള്ളു? അവരിനി ഒരു മാസം തികയില്ല.' നിറഞ്ഞ തെരുവിലേക്ക് മുരുകൻ നോക്കിയിരുന്നു. തിരക്കും നിറങ്ങളും ശബ്ദവും ഡോക്ടറുടെ ദേഷ്യംകൊണ്ട് വറയ്ക്കുന്ന മുഖംഎല്ലാറ്റിനും മേലെ.

വണ്ടിനിർത്താൻഒരുപരാക്രമത്തോടെയാണ് മുരുകൻപറഞ്ഞത്.

കുപ്പിപ്പാത്രങ്ങളും നിറമുള്ള പ്ലസ്റ്റിക്കുപാത്രങ്ങളും വളകളും മാലയും ഒക്കെ നിറഞ്ഞുകവിയുന്ന തെരുവ്. ഒരത്സവം കാണുന്നതുപോലെ ദേവകി ആ തെരുവ് കണ്ടു. പച്ചനിറമുള്ള പ്ലാസ്റ്റിക് ബക്കറ്റുകൾ കടകളുടെ മുന്നിൽതൂങ്ങിക്കിടന്നുന്നു.തന്റെഏറെക്കാലത്തെ മോഹമായിരുന്നുഅത്തരത്തിലൊരുബക്കറ്റ്.

'നെന്റെ തന്ത കാശൊന്നും എന്നെ ഏല്പിച്ചിട്ടു പൊയിട്ടില്ലല്ലൊ' എന്നാണ് മുരുകൻ മോഹം പറഞ്ഞപ്പോൾ പറഞ്ഞത്. പച്ച ബക്കറ്റ് അങ്ങനെ മനസ്സിൽ അവിടെത്തന്നെ കിടന്നു. പിന്നെ എന്തുവണം എന്നു തോന്നുമ്പോഴും കൂടെ മുരുകന്റെ വാചകം മനസ്സിൽ വരും. അതിനാൽ ഒന്നും പറയാറില്ല. പറയാൻ തോന്നാറില്ല എന്നതാണ്കൂടുതൽശരി.

റിക്ഷാക്കാരൻവീണ്ടുംവീണ്ടുംഹോൺഅടിച്ചു. നേരംപതുക്കെഇരുളാൻതുടങ്ങുന്നു.

വലിയ ഒരു പച്ച പ്ലാസ്റ്റിക് ബക്കറ്റ് കടലാസ്സിൽ പൊതിഞ്ഞതുമായാണ് മുരുകൻ തിരിച്ചെത്തിയത്. അന്തംവിട്ടുനിന്ന ദേവകിയുടെ മുഖത്ത് അയാൾ നോക്കിയതേയില്ല. ബക്കറ്റ് റിക്ഷയിലേക്ക് കയറ്റുന്ന തിരക്കിലാണെന്ന ഭാവത്തിൽ അയാൾ സീറ്റിലെ സാധനങ്ങൾ ഒതുക്കുകയും വെക്കുകയും ഒക്കെചെയ്തു. ചിരകിപ്പൊളിഞ്ഞ തൊലയിൽനിന്നു കിനിയുന്ന നീറ്റൽപോലെ എന്തോ ഒന്ന് തന്റെ മനസ്സിൽ നിറയുന്നത്

ദേവകിഅറിഞ്ഞു.ബക്കറ്റിൽനിന്നുംആകാവുന്നത്രഅകലേക്ക് നീങ്ങി ദേവകി മുരുകനുള്ളസ്ഥലംഒരുക്കി.

'വേഗം വീടെത്ത്യാ നന്നായിരുന്നു' ദേവകി പറഞ്ഞു. 'ഇരിക്കാൻ വയ്യാണ്ടാവുണു' റിക്ഷയ്ക്കുള്ളിൽ ദേവകിയുടെ കാല്ക്കൽ മുരുകൻ ആ ബക്കറ്റ് ഒരുപഹാരംപോലെ നിവർത്തിവെച്ചു. അതിന്റെ വക്കുകൾ തൊടാതെ ദേവകി കാലുകൾ വീണ്ടും വീണ്ടും ഒതുക്കി. 'വെല കുറച്ച് ലാഭംണ്ട്' റിക്ഷ ഓടിത്തുടങ്ങി. ഏറെക്കഴിഞ്ഞ് മുരുകൻ ആരോടെന്നില്ലാതെ പറഞ്ഞു. 'നല്ലതാ തോന്നുണൂ' പിന്നിലേക്കൊഴുകി മായുന്ന പാത.അതിന്റെചുകപ്പിനെതിരെബക്കറ്റിന്റെപച്ചഒരുകുഴലപോലെ മനസ്സിൽകല്ലച്ചു.

'നല്ലബക്കറ്റ്'പിന്നെനേർത്തഒരുചിരിയോടെ ദേവകിപറഞ്ഞു:

'കുറേക്കാലംഈട് നില്ക്കും?'

കുറേക്കാലം എന്ന് ദേവകി ഉറപ്പിച്ചതുകൊണ്ടാവണം. ചാട്ടവാറടികൊണ്ടപോലെയാണ് മുരുകൻ തിരിഞ്ഞത്.അയാളുടെ മുഖം ദേവകിയെഅമ്പരപ്പിച്ചുഎന്നുവേണംപറയാൻ.

'ദേവൂന് ഇനിയെന്താ വേണ്ടത്.' പിന്നെ മുരുകൻ നിർത്തിനിർത്തിയാണ് ചോദിച്ചത്. വികൃതികാണിച്ച മകന്റെ മുടന്തൻ വിശദീകരണം പോലെ എന്തോ ഒന്ന് അതിലുണ്ടായിരുന്നു. 'ഒന്നും വേണ്ട'മയക്കം പോലെ തന്നെ മൂടുന്നക്ഷീണംമറച്ച്സന്തോഷത്തോടെ ദേവകിപറഞ്ഞു:'ഒന്നുംവേണ്ട.'

ഇനിയപ്പോൾ എന്ന് ദേവകി മന:പൂർവം പറഞ്ഞില്ല. മുരുകന്റെ മുഖം മങ്ങുന്നത് അവൾ നേരത്തേ കണ്ടിരുന്നു. എന്തെങ്കിലും തനിക്ക് വേണമെന്നു തോന്നുന്നുണ്ടോ എന്ന് സ്വയം മനസ്സിൽ പരതിനോക്കി. സത്യത്തിലും ഒന്നുമില്ല മോഹമായി മനസ്സിലിപ്പോൾ. രാവിലെ ആശുപത്രിയിലേക്ക് പോകുമ്പോൾപോലും നിറമുള്ള ഒരു കട്ടിയുടുപ്പിനെപ്പറ്റി ആലോചിച്ചിരുന്നതാണ്. പതിവുപോലെ, മുരുകനോട് പറയാൻ മടി തോന്നി. ഇപ്പോൾ പറഞ്ഞാൽ ചാടിയോടി മുരുകൻ തനിക്കത് മേടിച്ചു തന്നേക്കും. എന്തുകൊണ്ടോ എന്തെന്നില്ലാത്ത ഒരുതരം ശാന്തിയാണ് ദേവകിക്ക് തോന്നിയത്. ഇപ്പോൾ മുരുകന്റെ മുഖത്തുനോക്കാൻ തനിക്ക് പേടിതോന്നുന്നില്ല. തെരുവും അതിലെ നിറവും മണവും നിറഞ്ഞ ജനങ്ങളും ഒക്കെ ഒരേസമയം അപരിചിതവും സന്തോഷദായകവുമായിട്ടാണ് ദേവകിക്ക് തോന്നിയത്. വയറിലെ വേദനയോടുപോലും ഒരുതരംനന്ദി.

ഇന്നുവരെ ഒരിക്കലും ചെയ്യാത്തതുപോലെ ദേവകിപതുക്കെ മുരുകന്റെചുമലിലേക്ക്ചാരി.

'വല്ലാത്ത ക്ഷീണം,' ഒരു ജീവിതത്തിന്റെ മുഴുവൻ തളർച്ചയോടും കൂടി ദേവകി പറഞ്ഞു. 'ത്തിരികഴിഞ്ഞാ ഭേദാവും.'

മുരുകൻഅവളെതന്നോടു ചേർത്തുപിടിച്ചു.എന്നിട്ട്അവൾക്കുചാരാൻപാകത്തിൽനിവർന്നിരുന്നു.

അങ്ങനെയിരിക്കുമ്പോൾ ചരൽപ്പാത അതിവേഗം ആവശ്യത്തിലധികംവേഗം, പിന്നിലേക്ക് പായുന്നു എന്ന് ദേവകിക്ക് തോന്നി. ഇനി ഒരു പക്ഷേ, ഈ വഴിക്ക് വരവുണ്ടാവില്ല. കടന്നുപോയ കാലം അവളുടെ മുന്നിൽ തന്നോടൊപ്പം പായുന്ന ഒരു കണ്ണാടിപോലെ നിന്നു, കല്യാണം കഴിഞ്ഞതിന്റെ മൂന്നാംദിവസംആരും കാണാതെ മുരുകൻ തനിക്ക്കൊണ്ടുവന്ന ഐസ്ക്രീം മുഴുവൻ ഉരുകിയിരുന്നു.താനത്അന്ന്ഒരുചിരിയോടെ മുഴുവൻ കുടിച്ചുതീർത്തു. പിന്നെ, മൂന്നുമാസം ഗർഭമുള്ളപ്പോൾ മുരുകൻ അടിവയറിൽആഞ്ഞുചവിട്ടുയത്. മാനംമുട്ടുന്നതന്റെനിലവിളിക്കിടയിൽഅന്ന്ചോരതളംകെട്ടി.

തന്റെ മുഖത്തേക്ക് പാറിയ മുടിയിഴകൾ മുരുകൻ പതുക്കെ മാടിയൊതുക്കുന്നത് അവൾ സ്വപ്നത്തിലെന്നപോലെ അറിഞ്ഞു. 'ദേവൂന്റെ അമ്മയെ നാളെ കൂട്ടിക്കൊണ്ടു വരാം.' മുരുകൻ പറഞ്ഞു. മനസ്സിനടിയിൽ ഒരു പാടപൊലെനിന്ന നീറ്റൽ കുമിളകളായി മുകളിലേക്ക് വരുന്നത് ദേവകി അറിഞ്ഞു. ഒരു പിടി അവിലോ മലരോ ഒക്കെ എടുത്ത് അമ്മ തന്നെ കാണാൻ വരമ്പോൾ മുരുകൻ പുച്ഛത്തോടെ കണ്ടില്ലെന്നുംനടിക്കും.

'എത്തി തള്ള പുന്നാരത്തിന്' എന്നാണ് മുരുകൻ പറയുക. അതിനാൽ അമ്മ ഒരിക്കലും വീട്ടിൽ തങ്ങാറില്ല. അതുമല്ല നാളെ വന്നാൽ അമ്മ ചിലപ്പോൾ കരയാൻ തുടങ്ങിയാൽ ആശ്വസിപ്പിക്കുക തനിക്കും ബുദ്ധിമുട്ടാവും.എന്താണ്താൻഅമ്മയോട്സമാധാനംപറയുക.

'അതുവേണ്ട' ദേവകിക്ഷീണത്തോടെപറഞ്ഞു:അതൊക്കെബുദ്ധിമുട്ടാവും. ഇനിഅമ്മവരുമ്പോൾ...' ദേവകി ഒരു നിമിഷം നിർത്തി മുരുകന്റെ കൈയിൽ പതുക്കെ തലോടി. 'ഈ ബക്കറ്റ് അമ്മയ്ക്ക് കൊടുത്താൽ മതി.'

മുരുകൻ ഒന്നും മിണ്ടിയില്ല. ഇരുന്നിടത്തുനിന്ന് അനങ്ങിയതുമില്ല. ഒരു ചെറിയ അനക്കംപോലും തന്നെ ദേവനിപ്പിക്കുമോ എന്ന് ഭയപ്പെടുന്നതുപോലെ. ഒരു കല്ലു കണക്കെ ഇരുന്ന അയാൾ, പക്ഷേ, പെട്ടെന്നാണ് ഒരു കാരണവുമില്ലാതെ കരയാൻ തുടങ്ങിയത്. ഉലയുന്ന മാറും ഒഴുകുന്ന കണ്ണീരിന്റെ നനവും ദേവകി നിമിഷങ്ങളോളം അറിഞ്ഞു. പിന്നെ ചാരിയിരുന്നിടത്തുനിന്ന് നിവർന്ന് പതുക്കെ മുരുകന്റെ തല സ്വന്തം മാറിൽ ചേർത്തുവെച്ചു.

പുളയ്ക്കുന്ന ദേവനയ്ക്കും എന്തെന്നില്ലാത്ത ക്ഷീണത്തിനും മീതെ ആശ്വാസം ഉറക്കംപോലെ തന്നിൽ നിറയുന്നത് ദേവകിഅത്ഭുതത്തോടെഅറിഞ്ഞു.